## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3839** **15-05-2017 ൽ മറുപടിക്ക്**

### പാട്ടഭൂമിയിലെ പാട്ടതുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

**ചോദ്യം** | **മറുപടി**

**ശ്രീ.വി.ടി.ബൽറാം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സർക്കാരിന്റെ അധീനതയിലുള്ളതും പാട്ടത്തിനു നൽകിയിരിക്കുന്നതുമായ ഭൂമി എത്രയെന്നു വ്യക്തമാക്കാമോ; ഇതിന്മേൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(എ) ആകെ 3502.5507 ഹെക്ടർ. പാട്ടത്തുകയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിന്റെ കൃത്യമായ കണക്ക് ജില്ലകളിൽ നിന്നും ശേഖരിച്ചു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാട്ടകരാർ പുതുക്കിയ ഭൂമി സംബന്ധിച്ച വിശദ വിവരം നൽകാമോ;

(സി) ഇതിൽ പാട്ടതുക പിരിച്ചെടുക്കാനുള്ളത് സംബന്ധിച്ച് വിശദവിവരം നൽകുമോ; ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) യും (സി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ നാല് ജില്ലകളിലൊഴികെ മറ്റ് 10 ജില്ലകളിലും പാട്ടക്കരാർ പുതുക്കി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജില്ല | പാട്ടക്കരാർ പുതുക്കിയത് സംബന്ധിച്ച വിവരം | അതിൽ പാട്ടത്തുക പിരിച്ചെടുക്കാനുള്ളത് സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | തിരുവനന്തപുരം | കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് , ടൗൺ ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി പാട്ടത്തിന് നൽകിയ 19 ആർ ഭൂമിയുടെ കുടിശ്ശിക ഒഴിവാക്കി പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2 | പത്തനംതിട്ട | പത്തനംതിട്ട പ്രസ് ക്ലബിന് കോഴഞ്ചേരി താലൂക്ക്, പത്തനംതിട്ട വില്ലേജ് സർവ്വെ 194/65 ൽപ്പെട്ട 01.20 ആർ ഭൂമിയും കലഞ്ഞൂർ വില്ലേജിൽ റീ സർവ്വെ 324/6 ൽപ്പെട്ട 35.60 ആർ സ്ഥലത്ത് ശ്രീ.ദേവരാജൻ പേരിലും പാട്ടം പുതുക്കിയിട്ടുണ്ട്. | പ്രസ് ക്ലബിൽ നിന്നും പിരിച്ചെടുക്കാനുള്ള 4000/- ഉടൻ പിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | ആലപ്പുഴ | മാവേലിക്കര താലൂക്കിൽ നാലും കാർത്തികപ്പള്ളി താലൂക്കിൽ ഒന്നും വ്യക്തിഗത പാട്ടങ്ങൾ പുതുക്കിയിട്ടുണ്ട് | നടപടികൾ സ്വീകരിച്ച് വരുന്നു |
| 4 | കോട്ടയം | വൈക്കം താലൂക്ക്, വെള്ളൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിലുള്ള 19.44 ആർ ഭൂമിയും മീനച്ചിൽ താലൂക്കിലെ 26.42 ആർ ഭൂമിയും പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ച് വരുന്നു |

| | | | |
|---|---|---|---|
| 5 | ഇടുക്കി | ഇടുക്കി താലൂക്കിൽ പാട്ടക്കരാർ പുതുക്കി നൽകിയ കേസുകൾ ഉണ്ട്. | കോടതി കേസുകൾ നില നിൽക്കുന്നു |
| 6 | എറണാകുളം | ആലുവ താലൂക്കിൽ പഞ്ചായത്ത് പ്രദേശത്തെ 13 കേസുകൾ പുതുക്കിയിട്ടുണ്ട്. | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സഹിതം സ്വീകരിച്ചു വരുന്നു |
| 7 | പാലക്കാട് | ഒറ്റപ്പാലം താലൂക്കിൽ രണ്ട് കേസുകളിലായി 0.0024 ഹെക്ടർ ഭൂമിയുടെ പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചു വരുന്നു |
| 8 | കോഴിക്കോട് | മൂന്ന് വ്യക്തികൾക്ക് 1/2 സെന്റ് വീതം ഭൂമിയുള്ള പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചു വരുന്നു |
| 9 | വയനാട് | ഒറ്റ വ്യക്തിയ്ക്ക് (0.0081 ഹെക്ടർ) വൈത്തിരി താലൂക്കിൽ പാട്ടം പുതുക്കി നൽകിയിട്ടുണ്ട് | നടപടികൾ സ്വീകരിച്ചു വരുന്നു |
| 10 | കണ്ണൂർ | പഞ്ചായത്ത് പരിധിയിൽപ്പെട്ട 13 കേസുകൾ പുതുക്കി നൽകിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ